# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1301 12.03.2015-ൽ മറുപടിക്ക്**

**<u>ശ്രീശങ്കരാചാര്യ സമാന്തര പാലത്തിന്റെ നിർമ്മാണം</u>**

| **<u>ചോദ്യം</u>**<br>**ശ്രീ.ജോസ് തെറ്റയിൽ** | **<u>ഉത്തരം</u>**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
|---|---|
| (എ) കാലടിയിലെ ശ്രീ ശങ്കരാചാര്യ സമാന്തര പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച് 24.9.2014-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം കാലടി ടൗണിനെ ബൈപ്പാസ് ചെയ്ത് മറ്റൂരിർ നിന്നും നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള റോഡിൽ ചേർക്കുവാൻ തക്കവണ്ണം അലൈൻമെന്റ് പുനക്രമീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (എ) സർവ്വേ നടത്തുന്നതിനും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനും 2 പ്രാവശ്യം ടെൻഡർ ചെയ്യുതെങ്കിലും കരാറുകാർ ആരും തന്നെ ടെൻഡറിൽ പങ്കെടുത്തില്ല. |
| (ബി) ഈ അലൈൻമെന്റ് പുനക്രമീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തു. |

| | |
|---|---|
| (സി) നിർദ്ദിഷ്ട പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും വിശദമായ സ്ഥലവില ഉൾപ്പെടെയുള്ള പ്രൊജക്ട് റിപ്പോർട്ട് പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്നും പുതുക്കിയ തുക എത്രയെന്നും വ്യക്തമാക്കാമോ; പ്രൊജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;<br>(ഡി) നിർദ്ദിഷ്ട പാലത്തിന്റെ നിർമ്മാണത്തിനായി കാലടി ഭാഗത്തും പെരുമ്പാവൂർ ഭാഗത്തും ആവശ്യമായ ഭൂമി ഡയറക്ട് പർച്ചേസ് വഴി ഉടൻ ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം മന്ത്രിസഭായോഗത്തിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ;<br>(ഇ) ഇതിന് അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ? | (സി) & (ഡി) & (ഇ) സർവ്വേ പൂർത്തീകരിച്ച് പുതുക്കിയ അലൈൻമെന്റിന് അംഗീകാരം ലഭിച്ചതിനു ശേഷമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

Sahithe

സെക്ഷൻ ഓഫീസർ